# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4405** **25-10-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ലോട്ടറി പദ്ധതി

| | ചോദ്യം<br><br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ കാരുണ്യ ലോട്ടറി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | പദ്ധതിയുടെ സംസ്ഥാനതല സമിതി ഇടയ്ക്കിടെ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | ഇക്കാലയളവിൽ കാരുണ്യ ലോട്ടറി വഴി സമാഹരിച്ച മുഴുവൻ തുകയും ചികിത്സാ ധനസഹായത്തിനാണോ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ വിറ്റുവരവിൽ നിന്നും ചെലവ് (സമ്മാനം, ഡിസ്കൗണ്ട്, നികുതി, അച്ചടിക്കൂലി, മറ്റ് ചെലവുകൾ) കഴിച്ച് ലഭിക്കുന്ന അറ്റാദായം/ ലാഭമാണ് കാരുണ്യ ചികിത്സാ പദ്ധതിയിലേക്ക് മുതൽക്കൂട്ടാൻ തിരുമാനിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിക്കുന്ന അറ്റാദായത്തിന്റെ അടിസ്ഥാന ത്തിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയ്ക്കായി 2075-00-103-95-കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ ഒരു നിശ്ചിത തുക വകയിരുത്തുകയും കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായത്തിന്/ ലാഭത്തിന് അനുസൃതമായ തുക ചികിത്സാ ധനസഹായത്തിന് കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുകയും ചെയ്യുന്നു. കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറുന്ന തുകയിൽ 1% തുക എസ്റ്റാബ്ലിഷ്മെന്റ് ചെലവിലേയ്ക്കും ബാക്കി തുക മുഴുവനായും ചികിത്സാ ധനസഹായത്തിനുമാണ് ചെലവഴിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തുകയിൽ നിന്നും വക മാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) | വക മാറ്റി ചെലവഴിച്ചിട്ടില്ല. |
| (ഡി) | കാരുണ്യബനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ സഹായത്തിനായി അപേക്ഷ സമർപ്പിച്ച് ചികിത്സ നടത്തി മാസങ്ങൾ പിന്നിട്ടിട്ടും അനുവദിക്കപ്പെട്ട തുക വിതരണം ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഇക്കാരണത്താൽ നിരവധി സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിന്മാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | ഇക്കാരണത്താൽ ഒരു സ്വകാര്യ ആശുപത്രിയും പദ്ധതിയിൽ നിന്നും പിന്മാറിയിട്ടില്ല. |
| (എഫ്) | എങ്കിൽ ഇതുമൂലം പാവപ്പെട്ട രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കും; | | |
| (ജി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി കൂടുതൽ ആശുപത്രികളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ജി) | അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പുതിയ ആശുപത്രികളുടെ അപേക്ഷകൾ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.